# സുനാമിയും ആയുർവ്വേദവും പിന്നെ നമ്മളും

ഡോ. രാംദാസ്

**സമകാലിക** പ്രശ്നങ്ങൾ കേന്ദ്രബിന്ദുവാക്കി നമ്മുടെ വിജ്ഞാനം കൂട്ടുന്നതിലേക്ക് മാദ്ധ്യമങ്ങൾക്കുള്ള പങ്ക് തർക്കമില്ലാത്തതാണല്ലോ! ഐസ്ക്രീമിനെ പറ്റിയുള്ള അറിവ് കുഞ്ഞാലിക്കുട്ടിയുമായി ബന്ധപ്പെട്ടു വായിക്കാനുള്ള 'വിജ്ഞാനം' ഉണ്ടാക്കിത്തരുന്നത് ഈ മാദ്ധ്യമങ്ങൾ തന്നെയാണ്. ഇവയിൽനിന്ന് നല്ലതും പതിരും തിരിച്ചറിയാനും സ്വീകരിക്കുവാനും ഉള്ള വിശേഷജ്ഞാനമാണ് നമുക്കിപ്പോൾ പ്രധാനമായും വേണ്ടത്. നിർഭാഗ്യമെന്ന് പറയട്ടെ നമ്മൾ ആ ജ്ഞാനസമ്പാദനത്തിന് പരോക്ഷമായി വിമുഖരാണ്. എന്നാൽ പഴി ചാരാൻ മുന്നിലും നിൽക്കുന്നു. അതുകൊണ്ട് തന്നെ ആത്മാർത്ഥമായി പറഞ്ഞാൽ മാദ്ധ്യമങ്ങളെ കുറ്റപ്പെടുത്തേണ്ടതില്ല. യഥാ രാജ തഥാ പ്രജാഃ യഥാ പ്രജാ: തഥാ മാദ്ധ്യമാനി.

ആയുർവ്വേദ ശാസ്ത്രത്തിൽ പ്രകൃതിക്ഷോഭങ്ങൾ നിരന്തരമായി ഉണ്ടാകുന്നതിനുള്ള പ്രധാന കാരണം മനുഷ്യൻ മാത്രമത്രെ! ആയുർവ്വേദ ശാസ്ത്രത്തിന്റെ ശക്തമായ അടിത്തറകളിൽ ഒന്നായ ചരക സംഹിതയെ പറ്റി നിങ്ങൾ കേട്ടിരിക്കുമല്ലോ? ആ ഗ്രന്ഥം രചിച്ചിരിക്കുന്നത് ആത്രേയ മഹർഷിയുടെ ശിഷ്യനായ അഗ്നിവേശ മഹർഷിയാണ്. ആ അഗ്നിവേശ സംഹിത പിൽക്കാലത്ത് ചരക മഹർഷിയാൽ പുനഃസംസ്കരിച്ചതിനു ശേഷമാണ് ചരക സംഹിതയെന്നറിയപ്പെട്ടു തുടങ്ങിയത്. ആ സംഹിതയുടെ ആഖ്യാനശൈലി - ശിഷ്യനും ഗുരുവും തമ്മിലുള്ള ചോദ്യോത്തരരീതിയിലാണ്. അങ്ങനെ ശിഷ്യന്റെ ഓരോ സംശയവും ഓരോ അദ്ധ്യായമായി പരിണമിക്കുന്നു. ഇത്തരത്തിലൊരദ്ധ്യായത്തിൽ അഗ്നിവേശ മഹർഷി ആത്രേയ മഹർഷിയോടു ചോദിക്കുന്നു - സമമല്ലാത്ത പ്രകൃതിയോടും ആകൃതിയോടും രൂപത്തോടും കൂടിയ വ്യത്യസ്ത മനുഷ്യർ ഒരുമിച്ച് ഒരു രോഗം വന്ന് നശിക്കുന്ന (ജനപദോദ്ധ്വംസം)തിന്റെ കാരണം എന്താണ് എന്ന്. അതിന് ഉത്തരമായി മഹർഷി പറയുന്നതെന്തെന്നാൽ - എല്ലാ ഗുണങ്ങളിലും വ്യത്യസ്തരെങ്കിലും ജനങ്ങൾക്കെല്ലാം ഒരേപോലെയുള്ള നാലു ഭാവങ്ങൾ ഉണ്ട്. അവയുടെ വികൃതാവസ്ഥയാണ് ജനപദോദ്ധ്വംസത്തിനുള്ള പ്രധാന കാരണം. ആ നാല് ഭാവങ്ങൾ വായു, വെള്ളം, ദേശം, കാലം എന്നിവയാണ്.

ഈ നാലു ഭാവങ്ങളുടെ വികൃതമായ ലക്ഷണങ്ങൾ സവിസ്തരം വർണ്ണിക്കുന്നു. നാമിപ്പോൾ അനുഭവിച്ച സുനാമി എന്ന പ്രകൃതിക്ഷോഭം എന്റെ നിരീക്ഷണത്തിൽ ദേശത്തിനും കാലത്തിനും ഉണ്ടായ വികൃതാവസ്ഥയാണ്. ദേശത്തിന്റെ വികൃതാവസ്ഥയെ പറ്റി പ്രതിപാദിക്കുന്നത് ഇപ്രകാരമാണ്. പ്രകൃതത്തിൽനിന്ന് വികൃതമായ വർണ്ണഗന്ധസ്പർശത്തോടു കൂടിയതും പക്ഷിമൃഗാദികൾ ഭയന്നോടുന്നതും ദുഃഖിച്ചിരിക്കുന്നതും ധർമ്മ സത്യ ലജ്ജ ആചാര ശീല ഗുണങ്ങൾ ത്യജിക്കപ്പെട്ട ജനങ്ങൾ താമസിക്കുന്നതും, നിരന്തരം ക്ഷോഭിച്ചും, തിരമാലകൾ ഉയർന്ന് വരുന്ന ജലാശയത്തോടു കൂടിയതും നിരന്തരം ഉൽക്കാപാതവും വിദ്യുത്പാദവും ഭൂകമ്പവും കൊണ്ട് ഭയങ്കര ശബ്ദായമാനമായിരിക്കുന്നതും, കാർമേഘങ്ങളാൽ എപ്പോഴും മറയ്ക്കപ്പെട്ട സൂര്യചന്ദ്രനക്ഷത്രങ്ങളോടുകൂടിയതും, ജനങ്ങൾ യക്ഷന്മാരാൽ ആക്രമിക്കപ്പെട്ടപോലെ ഭയങ്കര ശബ്ദമുണ്ടാക്കുന്നതും ആയ ഭൂമിയാണ് (ദേശമാണ്) വികൃതമായ ദേശം. കാലത്തിന്റെ വികൃതാവസ്ഥയെന്നാൽ - ഓരോ ഋതുക്കളിൽ (ഗ്രീഷ്മ, വർഷ, ശരത്, ഹേമന്ത, ശിശിര, വസന്ത) അതാതിന്റെ ലക്ഷണങ്ങൾ കാണിക്കാതെ ഭിന്നമായി കാണിക്കുന്നതാകുന്നു.

ഈ ഭാവങ്ങളുടെ വികൃതാവസ്ഥയ്ക്കുള്ള കാരണങ്ങൾ ആത്രേയ മഹർഷി പറയുന്നത്, നമ്മുടെ നാടിന്റെ ഇപ്പോഴത്തെ അവസ്ഥയ്ക്ക് വളരെ അനുയോജ്യമായിപ്പോകുന്നത് കാണാം. അതെന്തെന്നാൽ എല്ലാ ഭാവങ്ങൾക്കുമുള്ള വികൃതാവസ്ഥയ്ക്ക് കാരണം അധർമ്മമാകുന്നു. അധർമ്മത്തിന്റെ കാരണം പൂർവ്വജന്മാർജ്ജിത ദുഷ്കർമ്മവും അതിന്റെ ഉത്ഭവസ്ഥാനം പ്രജ്ഞാപരാധവും ആകുന്നു.

അത് എപ്രകാരമെന്നാൽ ദേശനഗരഗ്രാമവാസികളായ ജനങ്ങളിൽ പ്രധാനികൾ ധർമ്മത്തെ ഉപേക്ഷിച്ച് അധർമ്മത്തിലൂടെ ജനങ്ങളെ പ്രവർത്തിപ്പിക്കുന്നുവോ അപ്പോൾ അവരെ ആശ്രയിച്ചിരിക്കുന്നവരും പൗരജനങ്ങളും വ്യാപാരികളും ആ അധർമ്മത്തെ വർദ്ധിപ്പിക്കുന്നതാകുന്നു. കള്ള വ്യാപാരം കൊണ്ടും അപഥസഞ്ചാരം കൊണ്ടും അധർമ്മം വർദ്ധിക്കുമ്പോൾ ധർമ്മത്തിന് നിലനിൽപ്പില്ലാതാകുകയും ദേശം പ്രപഞ്ചശക്തിയിൽ നിന്ന് അകലുകയും ചെയ്യുന്നു. യുദ്ധങ്ങളും അധർമ്മഹേതുവാണ്. ലോഭേർഷ്യാ മദമാത്സര്യമാണല്ലോ യുദ്ധഹേതു അതു തന്നെയാണ് പ്രജ്ഞാപരാധവും.

പരിഹാരം:-

*ധർമ്മത്തെ തിരിച്ച് കൊണ്ടുവരിക. നമ്മുടെ ആത്മാവിനെ അറിയുക.*

*സത്യം ഭൂത ദയാ ദാനം ബലയോ ദേവതാർച്ചനം*

*സദ്മൃ ണ സ്യാനു വൃത്തിശ്ച പ്രശമോ ഗുപ്തിയാത്മന:*

**കേരളീയം അടുത്ത ലക്കത്തിൽ**

**പ്ലാച്ചിമട**

**നിലപാട് / പ്രതികരണം**

**സി. ആർ. പരമേശ്വരൻ**

**സുബ്രഹ്മണ്യൻ മൂപ്പൻ**

**മാരിയപ്പൻ**

തുടങ്ങിയവർ എഴുതുന്നു.